**ഭരണഭാഷ–മാതൃഭാഷ**

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,

നം. ഡി.ഇ.എസ്/2364/2022–COMP1 തീയതി. 04/06/2022

## സർക്കുലർ

വിഷയം : ഡി.ഇ.എസ് കമ്പ്യൂട്ടർ വിഭാഗം –Ecostat Bulletin എന്ന പ്രസിദ്ധീകരണം – തയ്യാറാക്കുന്നതിന് വേണ്ട materials (ലേഖനങ്ങൾ) ലഭ്യമാക്കുന്നത് – സംബന്ധിച്ച്

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ 'Ecostat News ' എന്ന പേരിൽ ഒരു ദ്വൈമാസ പ്രസിദ്ധീകരണം മുൻപ് നിലവിലുണ്ടായിരുന്നു. വകുപ്പിൽ ലഭ്യമായ ഡാറ്റയുടെ വിശകലനം, ആനുകാലികവും സാമൂഹികവും സാമ്പത്തികവുമായ വിഷയങ്ങളെ സംബന്ധിക്കുന്ന വസ്തുതകളാണ് ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നത്.

വകുപ്പ് നടപ്പിലാക്കുന്ന പ്രധാന പദ്ധതികളെക്കുറിച്ചും പ്രസിദ്ധീകരിക്കുന്ന ഡാറ്റയെയും തയ്യാറാക്കുന്ന റിപ്പോർട്ടുകളെയും സംബന്ധിച്ച് കൂടുതൽ അവബോധവും ഇവയുടെ പ്രാധാന്യവും മറ്റ് വകുപ്പുകളിലേക്കും സർക്കാർ ഇതര ഏജൻസികളിലേക്കും പൊതുജനങ്ങളിലേക്കും എത്തിക്കുന്നതിന് നിലവിൽ വകുപ്പ് തയ്യാറാക്കിക്കൊണ്ടിരിക്കുന്ന പ്രസിദ്ധീകരണങ്ങളിൽ നിന്നുപരിയായി മുൻഖണ്ഡികയിൽ പ്രസ്താവിച്ച മാതൃകയിൽ Ecostat Bulletin എന്ന പേരിൽ ഒരു പ്രസിദ്ധീകരണം രണ്ട് മാസം കൂടുമ്പോൾ പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ഡയറക്ടറേറ്റിലെ ജീവനക്കാർ കൂടാതെ ജില്ലകളിലും താലൂക്ക് ഓഫീസുകളിലും മറ്റിതര വകുപ്പുകളിൽ ജോലി ചെയ്യുന്ന സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ജീവനക്കാരും ഭാഗഭാക്കാവേണ്ടതും അവരവരുടെ കഴിവിനനുസരിച്ച് ഡാറ്റ (നിലവിലുള്ളതും ആനുകാലികവും) വിശകലനം ചെയ്ത ആർട്ടിക്കിളുകൾ ലഭിക്കേണ്ടതുമുണ്ട്.

ആയതിനാൽ വകുപ്പിലെ മുഴുവൻ ജീവനക്കാരും ഇതിന്റെ ഭാഗമാകേണ്ടതും അവരവർ ചെയ്യുന്ന ജോലിയുമായി ബന്ധപ്പെട്ടതും കൂടാതെ വകുപ്പുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങളിലെയും ആർട്ടിക്കിളുകൾ തയ്യാറാക്കി ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന് അറിയിക്കുന്നു. ഇതിന് ബന്ധപ്പെട്ട എല്ലാ ഓഫീസ് മേധാവികളും ഡയറക്ടറേറ്റിലെ സെക്ഷൻ മേധാവികളും മുൻകൈ എടുക്കേണ്ടതും ആർട്ടിക്കിളുകൾ ഓരോ ഓഫീസിൽ നിന്നും മാസത്തിൽ ഒന്നെങ്കിലും എന്ന രീതിയിൽ തയ്യാറാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

തയ്യാറാക്കുന്ന ആർട്ടിക്കിളുകൾ ecostatcomp@gmail.com എന്ന ഇ–മെയിൽ വിലാസത്തിൽ pdf copy അല്ലെങ്കിൽ scanned copy ആയി നൽകേണ്ടതാണ്. MS word editable format ലഭ്യമാക്കുമെങ്കിൽ ഉചിതമായിരിക്കുന്നതാണ്.

വകുപ്പിന്റെ ഉന്നമനത്തിന് വേണ്ട ഉദ്യമം എന്ന നിലയിൽ ഇതൊരു വൻ വിജയമാക്കണമെന്ന് എല്ലാ ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു.

**<u>നിബന്ധനകൾ</u>**

1. വ്യക്തികൾക്കോ, ജീവനക്കാർ കൂട്ടായോ, ഓഫീസിന്റെ പേരിലോ സൃഷ്ടികൾ അയയ്ക്കാവുന്നതാണ്.
2. ഓഫീസ് മുഖേനയില്ലാതെ നേരിട്ടും സൃഷ്ടികൾ സമർപ്പിക്കാവുന്നതാണ്.
3. സൃഷ്ടികൾ ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ പരിശോധിക്കണമെന്നത് നിർബന്ധമില്ല.
4. സൃഷ്ടികൾ സമർപ്പിക്കുന്ന ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഓഫീസ് മേൽവിലാസം, പെൻ എന്നിവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.
5. സൃഷ്ടികളിൽ വിശകലനത്തിന് വിധേയമാക്കിയ ഡാറ്റയുടെ ഉറവിടം (വകുപ്പ്/ ഏജൻസി, വർഷം, റിപ്പോർട്ടാണെങ്കിൽ അതിന്റെ പേര്, Web based ആണെങ്കിൽ URL address) വ്യക്തമായി പ്രതിപാദിച്ചിരിക്കേണ്ടതാണ്.
6. ലഭിക്കുന്ന എല്ലാ സൃഷ്ടികളും ഡയറക്ടറേറ്റിലെ എഡിറ്റോറിയൽ കമ്മിറ്റിയുടെ സ്ക്രൂട്ടിനിയ്ക്ക് വിധേയമായി ആയിരിക്കും ഉൾപ്പെടുത്തുക.
7. വിശകലനം ചെയ്തിരിക്കുന്ന ഡാറ്റയുടെ ക്വാളിറ്റി, വിശ്വാസ്യത എന്നിവ ഉറപ്പുവരുത്തി സൃഷിടികൾ തയ്യാറാക്കേണ്ടതും അയയ്ക്കേണ്ടതുമാണ്.
8. Time series Statistical analysis, Single period data analysis, data comparison with previous period, data comparison with other Blocks / Districts / States / all India, ഒരു പ്രത്യേക മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ തുടങ്ങി വകുപ്പുമായി ബന്ധപ്പെട്ട ഏത് വിഷയവും പഠനവിധേയമാക്കാവുന്നതും സൃഷ്ടിയിൽ ഏത് വിഷയവും ഉൾപ്പെടുത്താവുന്നതുമാണ്.

Signature valid
Digitally signed by Sajeevu P P
Date: 2022.06.04 21:32:32 IST
Reason: Approved

**സജീവ്.പി.പി**

**ഡയറക്ടർ**

പകർപ്പ്:

ഡയറക്ടർ ടെ സി.എ

അഡീഷണൽ ഡയറക്ടർ/സീനിയർ

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ – ടെ സി.എ

ജോയിന്റ് ഡയറക്ടർമാർ

ഡെപ്യൂട്ടി ഡയറക്ടർമാർ

ഡയറക്ടറേറ്റിലെ വിവിധ സെക്ഷൻ മേധാവികൾ

ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ

താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാർ